ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ നാരായണപിള്ള):

(എ, ബി. സി.) ചില ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ തീരഞ്ഞെടുപ്പിൽ ഇടപെടുന്നതായി പരാതി ലഭിച്ചിരുന്നു. അന്വേഷണത്തിൽ ചില പരാതികൾ അടിസ്ഥാനരഹിതങ്ങളാണെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമായി. ചിലപരാതികളെപ്പറ്റി ഗവമ്മെണ്ടു് അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ഗ്രാമോദ്ധാരണകേന്ദ്രം

*൨൫൪. (൪൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ മന്ത്രി സദയം മറുപടി പറയുമോ.—

(എ) കോട്ടവള്ളി പകുതിയിൽ എന്നാണു് ഗ്രാമോദ്ധാരണകേന്ദ്രം ആദ്യമായി അനുവദിച്ചതു്;

(ബി) ഈ കേന്ദ്രത്തിലേക്കു് എത്ര സംഖ്യ അനുവദിച്ചു;

(സി) ഇതിനകം എതെല്ലാം പണികളുടെ പൂർത്തീകരണത്തിനുംഎത്ര സംഖ്യ ചിലവായി;

(ഡി) ഗ്രാമത്തിനു് ഏറ്റവും ആവശ്യമായ പണികളുടേ ലിസ്റ്റു് സമർപ്പിച്ചെങ്കിലും അതിന്റെ എസ്റ്റിമേറ്റു് തയാറാക്കുകയൊ പണികൾ ചെയ്യിപ്പിക്കുകയൊ ഉണ്ടായില്ലെന്നുള്ള സംഗതി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടൊ;

(ഇ) ഈ പണികൾ ചെയ്യുന്നതിനു വേണ്ട നിർദ്ദേശം നൽകുന്നതിനും മറ്റും നിയമിതനായ ആലുവായിലുള്ള ആഫീസർ കോട്ടവള്ളി പകുതിയിൽ വല്ലപ്പോഴും പോയിട്ടുണ്ടൊ?

(എഫ്) അനുവദിച്ചിട്ടുള്ള സംഖ്യ ഗ്രാമോദ്ധാരണപരമായ പണികൾക്കായി ചിലവു ചെയ്യുന്നതിനു് ഉദ്ദേശിക്കുന്നുണ്ടൊ?

വ്യവസായവും ഏ,ക്സൈസും സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ൨൩,൫൨,൯൪൯.

(ബി) ൨ ൪,൦൦൦ക.

(സി) ഇതുവരെ ഒന്നുംതന്നെ ചിലവായിട്ടില്ല. (൨,൨൨൦ക. ക്കു് ഒരു കിണറു കുഴിക്കാനും ൪൯൦ രൂപയ്ക്കു് ൫ കലിങ്കു് പണിയാനും അനുവാദം കൊടുക്കുകയും ജോലി തുടങ്ങുകയും ചെയ്തിട്ടുണ്ടു്.

(ഡി) ഉണ്ടു്.

(ഇ) ഉണ്ടു്.

(എഫ്) ഉണ്ടു്.

പിന്നോക്കസമുദായക്കാർ

*൨൫൫. (൪൨) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായസംരക്ഷണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പിന്നോക്കസമുദായവിഭാഗത്തിൽപ്പെട്ട ജാതിക്കാർ ഏതെല്ലാമാണു്;

(ബി) പിന്നോക്കസമുദായസംരക്ഷണവകുപ്പിൽനിന്നും അവർക്കെങ്കിലും സംരക്ഷണം നൽകുന്നുണ്ടൊ;

(സി) ഉണ്ടെങ്കിൽ എന്താണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly